"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കർണാടക ആന്റിബിയോട്ടിക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വെറ്ററിനറി മരുന്നുകൾ നേരിട്ട് വാങ്ങാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1177/2024/LSGD തീയതി,തിരുവനന്തപുരം, 30-06-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. കർണ്ണാടക ആന്റിബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 08.11.2022 ലെ കത്ത്.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 14.03.2023, 23.09.2023 തീയതികളിലെ AHD/8002/2022-G3 നമ്പർ കത്തുകൾ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2023ലെ LSGD/PD/65234/2023-PH2 നമ്പർ കത്ത്.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.04.2024ലെ DHS/8295/2024-MSA2 നമ്പർ കത്ത്.
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 2.9 ഖണ്ഡിക 4.55

**ഉത്തരവ്**

വെറ്ററിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആയത് വാങ്ങി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.3.32 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അതോടൊപ്പം HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നുമാണ് വെറ്ററിനറി മരുന്ന് വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത്.

2. 35 വർഷമായി മനുഷ്യ മൃഗസംരക്ഷണ മേഖലകളിൽ സജീവമായി പ്രവർത്തിച്ചു വരുന്ന, GMP, WHO-GMP, GLP സർട്ടിഫിക്കേഷനുകളും അംഗീകാരവുമുള്ളതും ISO അക്രഡിറ്റേഷൻ ഉള്ളതും അത്യാധുനിക നിർമ്മാണ കേന്ദ്രമുള്ളതുമായ ഭാരത സർക്കാർ പൊതുമേഖലാ സ്ഥാപനമാണ് കർണാടക ആന്റിബിയോട്ടിക്സ് ലിമിറ്റഡ് (Karnataka Antibiotics and Pharmaceuticals Limited [KAPL]). മേൽ സ്ഥാപനത്തിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വെറ്ററിനറി മരുന്നുകൾ നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്ന് കർണാടക ആന്റിബിയോട്ടിക്സ് ലിമിറ്റഡ് പരാമർശം 2 പ്രകാരം

ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശിത മാർഗ്ഗരേഖ ഉത്തരവിൽ കർണാടക ആന്റിബിയോട്ടിക്സ് ലിമിറ്റഡ് -നെ കൂടി ഉൾപ്പെടുത്താവുന്നതാണെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി, കർണാടക ആന്റിബിയോട്ടിക്സ് ലിമിറ്റഡ് (Karnataka Antibiotics and Pharmaceuticals Limited [KAPL]) എന്ന സ്ഥാപനത്തിൽ നിന്നും വെറ്ററിനറി മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. ഡെപ്യൂട്ടി ജനറൽ മാനേജർ, കർണ്ണാടക ആന്റിബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ബംഗളൂരു - 560058
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. മൃഗസംരക്ഷണ (ജി) വകുപ്പ് (G3/82/2022-AH)
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 01-07-2024 15:03:38

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്